# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3118 — 22.06.12-ലെ മറുപടിയ്ക്ക്

### ഗ്രാമസഭകൾ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ഡോ: എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) ഗ്രാമസഭകൾ സജീവവും സാർത്ഥകവുമാക്കുന്നതിന് ഒരേസമയം ഒന്നിലധികം ഗ്രാമസഭായോഗങ്ങൾ കൂടാതിരിക്കുക, ഗ്രാമസഭകൾക്ക് സംഘാടകസമിതി രൂപീകരിച്ച് കാമ്പയിൻ മാതൃകയിൽ ഗ്രാമസഭ സംഘടിപ്പിക്കുക, ഗ്രാമസഭ നോട്ടീസ് എല്ലാ കുടുംബങ്ങൾക്കും നൽകിയെന്ന് ഉറപ്പുവരുത്തുക, ഒരു സാമ്പത്തിക വർഷത്തെ ആദ്യ ഗ്രാമസഭയിൽ മുൻവർഷത്തെ എല്ലാ വികസനക്ഷേമ പ്രവർത്തനങ്ങളും അച്ചടിച്ച് നൽകി ചർച്ചയ്ക്ക് വിധേയമാക്കുക, അയൽകൂട്ട പ്രവർത്തകർ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സാമൂഹിക സംഘടനകളിലെ അംഗങ്ങൾ എന്നിവരെ പ്രചാരണ സംഘടനാ ചുമതല ഏൽപ്പിക്കുക, അംഗൻവാടി ജീവനക്കാർ, എസ്.സി/എസ്.ടി. പ്രൊമോട്ടർമാർ എന്നിവർക്ക് സംഘടനാ ചുമതല നൽകുക, ജനപങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്നതിനായി മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, കുടുംബശ്രീ ശൃംഖല, റസിഡൻഷ്യൽ അസ്സോസിയേഷനുകൾ എന്നിവ മുഖേന പ്രത്യേകമായും വേണ്ടത്ര പ്രചാരണം നടത്തുകയുമാണ് ഗ്രാമ സഭകൾക്കു മുന്നോടിയായി അനുകൂല സാഹചര്യം സൃഷ്ടിക്കാൻ ചെയ്യുന്നത്. |

ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.01.2012-ലെ സ.ഉ(സാധാ) നം.135/12/തസ്വഭവ ഉത്തരവ് പ്രകാരം കേരളത്തിലെ 134 നിയമസഭാ നിയോജക മണ്ഡലങ്ങളിലും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ നടത്തുന്നുണ്ട്. വിശേഷാൽ ഗ്രാമസഭ ചേരുന്നതിനുമുൻപ് ആ നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേരുകയും വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിന് പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമസഭാ ശാക്തീകരണത്തിന്റെ ഭാഗമായി ഗ്രാമസഭാ അംഗങ്ങൾക്കുള്ള (വോട്ടർമാർക്കുള്ള) വിപുലമായ പരിശീലനം കിലയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ആകെ ഇതുവരെ രണ്ട് ലക്ഷത്തി അയ്യായിരത്തി ഇരുനൂറ്റി അൻപത്തി ആറു (205256) പേർക്ക് കഴിഞ്ഞ ഡിസംബർ 16 മുതൽ ഫെബ്രുവരി 29 വരെയുള്ള കാലയളവിൽ പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ